പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2447 07.02. 2019 ൽ മറുപടിക്ക്

# കുറിഞ്ഞാംകുന്ന് നിവാസികൾ നൽകിയ നിവേദനം

ചോദ്യം | ഉത്തരം
---|---
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ കുറി-ഞ്ഞാംകുന്ന് നിവാസികൾ നൽകിയ നിവേദനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാ-ക്കാമോ:<br>(ബി) കുറിഞ്ഞാംകുന്ന് നിവാസി-കൾ കുടിവെള്ളത്തിനുവേണ്ടി ആശ്രയിക്കുന്ന പൊതുടാപ്പ് ഉപയോഗിച്ചതിന്റെ വൈദ്യുതി ചാർജ്ജ് ആയ 25,000 രൂപ അടയ്ക്കണമെന്ന് കാണിച്ച് വൈദ്യുതി ബോർഡ് നൽകിയ നോട്ടീസിന്മേൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; അറിയിക്കാമോ: | ( എ,ബി):-പരിശോധിച്ചിട്ടുണ്ട്.<br><br>പ്രസ്തുത കണക്ഷന്റെ മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കാത്തതിനാൽ ഉപഭോക്താവിന് നോട്ടീസ് നൽകുകയും തുടർന്ന് മീറ്റർ സ്ഥാപിച്ചിരുന്ന മുറി തുറന്നു കിട്ടിയ ശേഷം റീഡിംഗ് എടുക്കുകയുമാണുണ്ടായത്. 30.03.2015 മുതൽ 23.08.2017 വരെയുള്ള കാലയളവിൽ ഉപയോഗിച്ച 2981 യൂണിറ്റിന്റെ ബിൽ തുക അടക്കാതിരുന്നതിനാൽ 24.11.2017-ന് വൈദ്യുതി വിച്ഛേദിക്കുകയുണ്ടായി. തിരൂർ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓർഡർ പ്രകാരം 4 ഗഡുക്കളായി തുക അടക്കുവാൻ സാധിക്കുമെന്നും അതിന്റെ ആദ്യ ഗഡു അടച്ചാൽ കണക്ഷൻ പുന:സ്ഥാപിക്കാൻ കഴിയുമെന്നും ഉപഭോക്താവിനെ അറിയിച്ചിരുന്നു.<br>പ്രസ്തുത ബില്ല് ഡോർലോക്ക് റിവിഷൻ പ്രകാരം 12,139/- രൂപയായി പുനർക്രമീകരിക്കുകയും 29.11.2018-ലെ കത്ത് പ്രകാരം 7 ദിവസത്തിനകം സർചാർജ്ജ് ഉൾപ്പെടെ 15,473/- രൂപ അടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തെങ്കിലും, പ്രസ്തുത കാലയളവിനുള്ളിൽ പണം അടക്കാതിരുന്നതി-നാൽ 15.12.2018 - ന് കണക്ഷൻ അഴിച്ചെടുക്കുകയുണ്ടായി.<br><br>തുടർന്ന് വൈദ്യുതി ചാർജ്ജ്,പലിശ എന്നിവ സഹിതം 15,473/- രൂപ അടയ്ക്കാനുണ്ടെന്ന് കാണിച്ച് വീണ്ടും ഫൈനൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ, 29.12.2018-ൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മേൽ കുടിശ്ശിക അടച്ചിട്ടുണ്ട്. |
| (സി) കുറിഞ്ഞാംകുന്ന് നിവാസി-കളുടെ ആവശ്യം പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കു-മോ; വ്യക്തമാക്കാമോ? | (സി) അഴിച്ചെടുത്ത പ്രസ്തുത കണക്ഷൻ പുന:സ്ഥാപിക്കാൻ നിലവിൽ നിയമം ഇല്ലാത്തതിനാൽ കുറിഞ്ഞാംകുന്ന് നിവാസികൾ പുതിയ അപേക്ഷ നൽകി ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് പുതിയ കണക്ഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ